9981
29/4/17

കേരള സർക്കാർ

സംഗ്രഹം

വനം-വന്യജീവി വകുപ്പ്- കോഴിക്കോട് ഡിവിഷനിലെ താമരശ്ശേരി റെയിഞ്ചിലെ അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് ശ്രീ.പി.കെ.വിജയചന്ദ്രൻ, ഫോറസ്റ്റ് ഗാർഡ് ഫയൽ ചെയ്ത ഒ.എ.1199/2013-ാം നമ്പർ കേസിലെ 14.06.2016 ലെ വിധിന്യായം നടപ്പിലാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ. (സാധാ) നം.149/2017/വനം തീയതി, തിരുവനന്തപുരം, 15.04.2017.

പരാമർശം:- 1) 31.10.2012 ലെ സ.ഉ.(സാധാ) നം.521/2012/വനം ഉത്തരവ്

2) ശ്രീ.പി.കെ.വിജയചന്ദ്രൻ, ഫോറസ്റ്റ് ഗാർഡ് ഫയൽ ചെയ്ത ഒ.എ.1199/2013-ാം നമ്പർ കേസിലെ 14.06.2016 ലെ വിധിന്യായം

3) 17.12.2016, 09.01.2017, 05.03.2017 എന്നീ തീയതികളിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ(ഭരണം) റുടെ ബി1-28040/96 നമ്പർ കത്തുകൾ

ഉത്തരവ്

കോഴിക്കോട് ഡിവിഷനിലെ താമരശ്ശേരി റെയിഞ്ചിലെ അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് സർവ്വശ്രീ.ആർ.കൃഷ്ണകുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ഒ.എം.ജനാർദ്ദനൻ, റെയിഞ്ച് ഓഫീസർ, എൻ.ശ്യാമളകുമാർ, റെയിഞ്ച് ഓഫീസർ (റിട്ട). പി.റ്റി.ദാസൻ, ഫോറസ്റ്റ് ഗാർഡ്, പി.കെ.വിജയചന്ദ്രൻ, ഫോറസ്റ്റ് ഗാർഡ് എന്നീ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും ഔപചാരികാന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തു.

2) ശ്രീ.പി.കെ.വിജയചന്ദ്രനെതിരെയുള്ള ചാർജ്ജുകൾ താഴെപ്പറയുന്നവയാണ്:

(i) അനധികൃതമായി സർക്കാർ ഭൂമിയിൽ നിന്നും മരങ്ങൾ മുറിച്ചുമാറ്റാൻ ഒത്താശ ചെയ്തു കൊടുക്കുക വഴി ഗുരുതരമായ കൃത്യവിലോപം നടത്തി.

(ii) മരങ്ങൾ മുറിച്ചു മാറ്റുന്നതിന് ഒത്താശ ചെയ്യുക വഴി സർക്കാരിന് 40,000/- രൂപയുടെ നഷ്ടം വരുത്തിവെച്ചു.

3) ഔപചാരികാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ടിയാൻ സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ കെ.എസ്.ആർ.ഭാഗം III ചട്ടം 3 പ്രകാരം ടിയാന്റെ ഡിസിആർജിയിൽ നിന്നും 18,000/- രൂപ ഈടാക്കുവാനും പ്രതിമാസ പെൻഷനിൽ നിന്നും 50/- രൂപ 2 വർഷത്തേയ്ക്ക് ഈടാക്കുവാനും പരാമർശം (1) പ്രകാരം ഉത്തരവായി.

4) പ്രസ്തുത നടപടിക്കെതിരെ ശ്രീ.പി.കെ.വിജയചന്ദ്രൻ ഫയൽ ചെയ്ത ഒ.എ. 1199/2013-ലെ പരാമർശം (2) പ്രകാരമുള്ള അന്തിമ ഉത്തരവ് പ്രകാരം, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 31.10.2012 ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുകയും ശ്രീ.പി.കെ.വിജയചന്ദ്രനെ. ടിയാൻ സമർപ്പിക്കുന്ന നിവേദനത്തിന്റെ അടിസ്ഥാനത്തിൽ നേരിൽ കേട്ട് 6 മാസത്തിനകം സർക്കാർ തീരുമാനം എടുക്കണമെന്നും ഉത്തരവായി.

5) പ്രസ്തുത കോടതി ഉത്തരവ് പ്രകാരം ടിയാനെ 22.11.2016 ൽ അഡീഷണൽ സെക്രട്ടറി നേരിൽ കേട്ടു. അനധികൃത മരംമുറി നടന്ന സ്ഥലം നിക്ഷിപ്തവനമല്ലെന്നും മറിച്ച് മുണ്ടയ്ക്കാട് മാത്യു എന്ന ആളുടെ പേരിലുള്ള സ്വകാര്യ ഭൂമിയാണെന്നുമാണ് നേരിൽ കേൾക്കുമ്പോൾ ടിയാൻ വാദിച്ചത്.

6) നേരിൽ കേട്ട സമയത്ത് ടിയാൻ, കോടതി ഉത്തരവ് പ്രകാരം നിവേദനം സമർപ്പിച്ചതിന്മേൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (3) പ്രകാരം അഭിപ്രായം അറിയിച്ചു. ശ്രീ.പി.കെ.വിജയചന്ദ്രൻ, ഫോറസ്റ്റ് ഗാർഡ് (റിട്ട) ന്റെ അച്ചടക്ക നടപടികളിലെ പ്രധാന തർക്കവിഷയം മരംമുറി നടന്ന താമരശ്ശേരി റെയിഞ്ചിന്റെ കീഴിലുള്ള മുറിപ്പുഴ ഭാഗം നിക്ഷിപ്തവനമാണോ അതോ സ്വകാര്യ ഭൂമിയാണോ എന്നതാണ്.

7) സ്വാഭാവിക നീതിതത്വങ്ങൾക്കനുസരിച്ച് നേരിൽ കേട്ടുകൊണ്ട് ഒരു ഔപചാരികാന്വേഷണ വിചാരണ വഴിയാണ് ശ്രീ.പി.കെ.വിജയചന്ദ്രന്റെ പേരിലുള്ള കുറ്റാരോപണങ്ങൾ തെളിഞ്ഞത്. ഇപ്പോൾ ഉന്നയിച്ചിട്ടുള്ള തടസ്സവാദങ്ങൾ അന്വേഷണ വിചാരണയിൽ അവതരിപ്പിക്കാൻ എന്തെങ്കിലും തടസ്സമുണ്ടായിരുന്നതായി ടിയാൻ പറഞ്ഞിരുന്നില്ല. പ്രസ്തുത സ്ഥലം സ്വകാര്യഭൂമിയാണെന്ന് തെളിയിക്കത്തക്ക രേഖകളൊന്നും കുറ്റാരോപിതൻ അന്വേഷണ സമയത്ത് ഹാജരാക്കിയിട്ടില്ല. അന്വേഷണാധികാരി മുമ്പാകെ സമർപ്പിക്കപ്പെട്ടിരുന്ന സർവ്വേ സ്കെച്ചിന്റെയും അനുബന്ധ രേഖകളുടെയും അടിസ്ഥാനത്തിലാണ് അത് നിക്ഷിപ്ത വനമെന്ന നിഗമനത്തിൽ എത്തുന്നത്.

8) താമരശ്ശേരി റെയിഞ്ചിലെ എടത്തറ സെക്ഷനിലെ മുത്തപ്പൻപുഴ ബീറ്റിലെ മുറിപ്പുഴ ഭാഗത്ത് 40 മരങ്ങൾ വനത്തിൽ നിന്നും മുറിച്ചതുമായി ബന്ധപ്പെട്ട് താമരശ്ശേരി റെയിഞ്ചിൽ ഒ.ആർ.21/1996 നമ്പർ കേസ് രജിസ്റ്റർ ചെയ്തിരുന്നു. ടി കേസുമായി ബന്ധപ്പെട്ട് മരംമുറി നടന്ന സ്ഥലത്തിന്റെ 500 മീറ്റർ പടിഞ്ഞാറ് മാറിയാണ് മുണ്ടക്കാട് മാത്യു കൈവശം വെക്കുന്ന ഭൂമി എന്ന് ഒ.ആർ.21/1996 കേസിന്റെ മഹസ്സറിൽ രേഖപ്പെടുത്തിയതിന് പരാതിക്കാരൻ തർക്കം ഉന്നയിച്ചിട്ടില്ല.

9) മരം മുറി നടന്നതുമായി ബന്ധപ്പെട്ട സ്ഥലം ഡിവിഷൻ സർവ്വേയറെക്കൊണ്ട് പുനർ നിർണ്ണയം നടത്തിച്ചതിൽ, ഫീൽഡ് പരിശോധനയിൽ ശ്രീ.പി.കെ.വിജയചന്ദ്രൻ സൂചിപ്പിച്ച മുണ്ടക്കാട് മാത്യു എന്നയാൾ കൈവശം വെച്ചിരുന്ന ഭൂമി ഇപ്പോൾ അന്യ കൈവശത്തിലാണെന്ന് കണ്ടെത്തുകയുണ്ടായി. ടി ഭൂമിയുടെ വടക്ക്-കിഴക്ക് ഭാഗം വി.എഫ്.സി. ഐറ്റം നമ്പർ 133 ൽ സർവ്വെ നമ്പർ 163/13-1 ൽ വരുന്ന നിക്ഷിപ്ത വനഭൂമിയോട് ചേർന്നാണ് കിടക്കുന്നത്. മേൽ വന ഭൂമിയുടെ അതിർത്തി ഡിവിഷൻ

സർവ്വെയർ പുനർ നിർണ്ണയം നടത്തി പരിശോധിച്ചതിൽ വനത്തിനകത്ത് നിലവിൽ കൈയ്യേറ്റങ്ങളൊന്നും ഇല്ലായെന്ന് ബോധ്യപ്പെട്ടുകയുണ്ടായി. കൂടാതെ മുണ്ടക്കാട് മാത്യു കൈവശം വെച്ചു പോന്നിരുന്ന ഭൂമിയോട് ചേർന്നാണ് നിക്ഷിപ്ത വനഭൂമി സ്ഥിതി ചെയ്യുന്നതെന്ന് കണ്ടിട്ടുണ്ട്. മഹസ്സറിൽ സൂചിപ്പിച്ചത് പ്രകാരം മുണ്ടക്കാട് മാത്യുവിന്റെ സ്ഥലത്ത് നിന്ന് 500 മീറ്റർ കിഴക്ക് എന്നു പറയുന്ന സ്ഥലം നിക്ഷിപ്തവന ഭൂമിയാണ്. അതിനാൽ മരംമുറി നടന്ന സ്ഥലം വനഭൂമിയാണെന്ന് റിപ്പോർട്ട് ചെയ്തു.

10) താമരശ്ശേരി റെയിഞ്ചിലെ എടത്തറ സെക്ഷനിൽ കുണ്ടൻതോട് ഭാഗത്ത് നടന്ന അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് ലഭ്യമായ ഫയലുകൾ പരിശോധിച്ചതിൽ മരംമുറിയുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ അടയാളപ്പെടുത്തിയ ലൊക്കേഷൻ സ്കെച്ച് ലഭ്യമാണ്. എന്നാൽ പരാതിക്ക് അടിസ്ഥാനമായ മരംമുറിയുടെ ലോക്കേഷൻ അടയാളപ്പെടുത്തിയ സ്കെച്ച് ലഭിച്ചിട്ടില്ലായെന്നും അതിനാൽ മരംമുറി നടന്ന സ്ഥലം ഇപ്പോൾ കൃത്യമായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്നും ടി സമയത്ത് ജോലി ചെയ്തിരുന്ന ജീവനക്കാർ ആരും തന്നെ നിലവിൽ സർവ്വീസിൽ ഇല്ലാത്തതും മുണ്ടക്കാട് മാത്യുവും ടിയാന്റെ മകനും മരണപ്പെട്ടതും, മരംമുറി നടന്ന കാലത്ത് പ്രസ്തുത പ്രദേശത്ത് താമസിച്ചിരുന്നവർ ആരും ഇപ്പോൾ അവിടെ താമസമില്ലാത്തതും മരംമുറി നടന്ന സ്ഥലം കൃത്യമായി കണ്ടെത്താൻ കഴിയാത്തതിന് കാരണമായിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി.

ഔപചാരികാന്വേഷണ റിപ്പോർട്ട് പരിശോധിക്കുമ്പോൾ അന്വേഷണാരംഭത്തിൽ തന്നെ മരംമുറി നടന്ന സ്ഥലം ഏത് മേഖലയിൽ ഉൾപ്പെടുന്നു എന്ന വിഷയത്തിന് പ്രത്യേകം പ്രാധാന്യം നൽകി തന്നെ അത് വിലയിരുത്തിയതായി കാണുന്നു. അതിരുകൾ കൃത്യമായും നിർണ്ണയിക്കപ്പെടാത്തതിനാൽ സർവ്വേ നടത്തി സ്കെച്ച് തയ്യാറാക്കിയാണ് നിക്ഷിപ്ത വനഭൂമിയിലാണ് മരംമുറി നടന്നത് എന്ന് കണ്ടെത്തിയിട്ടുള്ളത്. ടി സ്കെച്ച് കസ്തൂരി രംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് 15.11.2013 തീയതിയിൽ നടന്ന റെയിഞ്ച് ആക്രമണത്തിൽ കത്തിനശിച്ച റെയിഞ്ചിൽ ഫയലുകളിൽ ഉൾപ്പെട്ട് നശിച്ചു പോയതായി താമരശ്ശേരി റെയിഞ്ചിൽ നിന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇപ്പോൾ റീസർവ്വേയിൽ ഏകദേശം 20 വർഷങ്ങൾക്കു മുമ്പ് മരംമുറി നടന്ന സ്ഥലം കൃത്യമായി കണ്ടെത്താനായിട്ടില്ല എന്നത് കൊണ്ട് ഔപചാരികാന്വേഷണ റിപ്പോർട്ട് തെറ്റാണെന്ന് കാണാനാവില്ല. ഈ കേസിൽ പ്രസ്തുത ഭൂമി നിക്ഷിപ്തവന ഭൂമിയിൽ നിന്നും മാറി റവന്യൂ ഭൂമിയാക്കി നൽകിയാൽ തന്നെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം മരങ്ങളുടെ അവകാശം വനം വകുപ്പിനു തന്നെയാണെന്ന് കോടതിയിൽ സർക്കാർ നൽകിയ സത്യവാങ്മൂലത്തിൽ കാണുന്നു. അതിനാൽ പ്രസ്തുത സ്ഥലത്തെ മരംമുറി ഒഴിവാക്കേണ്ടത് ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമാണെന്നും കാണുന്നു. സർക്കാർ നഷ്ടം ഉണ്ടായ ഈ കേസിൽ കൃത്യമായ നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ടാണ് അച്ചടക്ക നടപടി തീർപ്പാക്കിയത് കോടതി വിധിയുടെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേട്ടതിൽ എല്ലാ വസ്തുതകളും വിശകലനം ചെയ്തതിന്മേൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയതിന്മേൽ ഒരു പുന:പരിശോധനയുടെ ആവശ്യകത കാണുന്നില്ല. അതിനാൽ കെ.എസ്.ആർ.ഭാഗം III ചട്ടം 3 പ്രകാരം ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും 18,000/- രൂപ

ഈടാക്കുവാനും പ്രതിമാസ പെൻഷനിൽ നിന്നും 50/- രൂപ 2 വർഷത്തേയ്ക്ക് ഈടാക്കുവാനും നിശ്ചയിച്ച സർക്കാർ ഉത്തരവിലെ ശിക്ഷ നിലനിർത്തിക്കൊണ്ട് ശ്രീ.പി.കെ.വിജയചന്ദ്രൻ ഫയൽ ചെയ്ത കേസിലെ പരാമർശം (2) പ്രകാരമുള്ള വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
അനിൽകുമാർ.ജി
അഡീഷണൽ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)
ശ്രീ. പി.കെ.വിജയചന്ദ്രൻ, ഫോറസ്റ്റ് ഗാർഡ് (അഡീഷണൽ പ്രിൻസിപ്പൽ കൺസർവേറ്റർ ഓഫ് ചീഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ